**അനുബന്ധം**

**തിരുത്തിയ ഉത്തരം**

**<u>അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ</u>**

**<u>പട്ടികജാതി/പട്ടികവർഗ്ഗക്കാർ</u>**

(*235) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>:

<u>ശ്രീ. ഇ. പി. ജയരാജൻ</u>:

<u>പ്രൊഫ. കെ. യു. അരുണൻ</u>:

<u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്ന അഞ്ചു ലക്ഷത്തിൽ അധികം വരുന്ന ജീവനക്കാരിൽ ഇരുപത്തിയേഴ് ശതമാനം വരുന്ന എയ്ഡഡ് സ്കൂൾ/കോളേജുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരിൽ എത്ര ശതമാനം പേർ പട്ടികജാതി/പട്ടികവർഗ്ഗക്കാരുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകുന്നതിനാൽ വിദ്യാഭ്യാസ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഈ മേഖലയിൽ കൂടി സംവരണം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് പരിഗണിക്കുമോ;

(സി) സർക്കാർ ജീവനക്കാരുടെ എണ്ണം കുറയ്ക്കുകയും പകരം കരാർവൽക്കരണവും സ്വകാര്യവൽക്കരണവും കേന്ദ്ര സർക്കാർ നയമായി

മാറുകയും ചെയ്തിട്ടുള്ളതായി സർക്കാരിന് അറിവുണ്ടോ; എങ്കിൽ ഈ മേഖലകളിൽ കൂടി സംവരണം ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) കണക്കെടുത്തു വരുന്നു.

(ബി) എയ്ഡഡ് കോളേജുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കണമെന്ന് 32393/2010 തുടങ്ങിയ റിട്ട് ഹർജികളിന്മേൽ 25.02.2015-ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്മേൽ എയ്ഡഡ് മാനേജ്മെന്റുകൾ സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഈ കേസുകളിൽ അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. ഈ മേഖലയില കൂടി സംവരണം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അനുബന്ധം**

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവനയ്ക്കുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ്

2017 ഏപ്രിൽ 27-ന് ചട്ടം 300 അനുസരിച്ച് സഭയിൽ നടത്തിയ പ്രസ്താവനയിൽ തിരുത്തൽ നടത്തിക്കൊണ്ട് ബഹു. മുഖ്യമന്ത്രി മേശപ്പുറത്തുവച്ച സ്റ്റേറ്റ്മെന്റ്.

" പ്രസ്താവനയിലെ സാമ്പത്തിക സഹായം എന്ന ശീർഷകത്തിനു താഴെ ഖണ്ഡിക (ii)(b) യിൽ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്ന 24,000 രൂപ എന്നത് 2,40,000 രൂപ എന്ന് തിരുത്തേണ്ടതാണ്."